4. ബ്ലോക്ക് എഫ്
ബോബിച്ചൻ തോമസ്
ആനക്കാട്ടു വയലിൻ
ബീവനടി വില്ലേജ്.
കാസർഗോഡ് ജില്ല.

(സി) ഇല്ല. മേൽ തോട്ടങ്ങളുടെ ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളത് ഒലവക്കോട് കൺസർവേറ്ററുടെ ഉത്തരവ് പ്രകാരമാണ്.

(ഡി)

ബ്ലോക്ക് എ	1,77,000 രൂപ.
ബ്ലോക്ക് ബി	2,34,000 രൂപ.
ബ്ലോക്ക് സി	2,04,000 രൂപ.
ബ്ലോക്ക് ഡി	2,26,000 രൂപ.
ബ്ലോക്ക് ഇ	2,76,000 രൂപ.
ബ്ലോക്ക് എഫ്	2,03,500 രൂപ.
ആകെ	13,20,500 രൂപ

(ഇ) ഇതിൽ പകുതി ലേല വിലയായ 6,60,250 രൂപയാണ് അടച്ചിട്ടുള്ളത്. കൂടാതെ ഈ തുകയുടെ 5% വനവികസന നികുതിയും അതുൾപ്പെടെ 12.5% സെയിൽസ്ടാക്സ് 15% ഇൻകം ടാക്സ് എന്നിവയും അടച്ചിട്ടുണ്ട്. പകുതി ലേല വിലയുടെ 10% സെക്യൂരിറ്റി ഇനത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(എഫ്-എച്ച്) വിവരം ശേഖരിച്ചു വരുന്നു.

കായംകുളം തെർമൽ പ്ലാന്റിന്റെ ആവശ്യത്തിനായി മണൽ വാരാൻ അപേക്ഷ

67 (2780) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം തെർമൽ പ്ലാന്റിന്റെ ആവശ്യത്തിനായി വാമനപുരം നദി, കരമനയാറ്, കല്ലാറ്, എന്നീ നദികളിൽ നിന്നും മണൽ വാരുവാനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർക്ക് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിരുന്നുവോ ; എങ്കിൽ അപേക്ഷകന്റെ പേരും മേൽവിലാസവും നൽകുമോ ;

(ബി) ഈ അപേക്ഷ പ്രകാരം മണൽ വാരുവാൻ പെർമിറ്റ് നൽകിയോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഡി.എഫ്.ഒ. ഇതിനുവേണ്ടി പെർമിറ്റ് നൽകാത്ത പക്ഷം പ്രസ്തുത അപേക്ഷകന് ഏതെങ്കിലും ഫോറസ്റ്റ് കൺസർവേറ്ററോ, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ പ്രസ്തുത നദികളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകുകയുണ്ടായോ ; എങ്കിൽ ആരാണ് അനുമതി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഈ പെർമിറ്റ് പ്രകാരം മണൽ വാരുന്നുണ്ടോ ; ഇല്ലെങ്കിൽ എന്നാണ് മണൽ വാരൽ നിർത്തിവച്ചത് ;

(ഇ) കെ.സി. രവീന്ദ്രനും നൗഷാദ് ഖാനും ഫോറസ്റ്റ് കോൺട്രാക്ടർമാരോ, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാരോ ആയിരുന്നോ ; ഈ കാര്യം ഇവർക്ക് പെർമിറ്റ് കൊടുക്കുന്നതിന് മുമ്പ് പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) കേന്ദ്രസർക്കാരിന്റെ അനുവാദം ഇല്ലാതെ മണൽ വാരാൻ അനുവദിക്കുന്നത് നിയമവിരുദ്ധമാണെന്ന് അറിയാതെയാണോ കെ.സി. രവീന്ദ്രനും നൗഷാദിനും മണൽ വാരാൻ അനുവാദം നൽകിയത് ;

(ജി) പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥന്മാരോട് ഇതു സംബന്ധമായി എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വാമനപുരം നദി, കരമനയാറ്, കല്ലാറ് എന്നീ നദികളിൽ നിന്നും മണൽ വാരുന്നതിന് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ കുളത്തുപ്പുഴ റെയ്ഞ്ചിലെ ചോഴിയക്കോട് സെക്ഷനിൽ നിന്നും മണൽ വാരുന്നതിന് ശ്രീ. നൗഷാദ്ഖാൻ, കോൺട്രാക്ടർ, ക്ലാസിക്, എം.എസ്.എം. കോളേജിന് എതിർവശം കായംകുളം എന്ന ആൾ 23-3-1998 ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും, ശ്രീ.കെ.സി. രവീന്ദ്രൻ, വല്ലി വിലാസ്, കണ്ണൂർ-7, 23-4-1998 ന് കുളത്തുപ്പുഴ റെയ്ഞ്ചിലെ ശംഖിലി എന്ന കടവിൽ നിന്നും മണൽ വാരുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും അപേക്ഷ സമർപ്പിച്ചിരുന്നു. ഈ അപേക്ഷകൾ പ്രകാരം മണൽ വാരുന്നതിന് അനുമതി നൽകുകയുണ്ടായി. ശ്രീ. നൗഷാദ്ഖാന് 27-3-1998 ലെ സർക്കാർ കത്തിലെ നിർദ്ദേശം പ്രകാരവും ശ്രീ. കെ. സി. രവീന്ദ്രന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശ പ്രകാരവുമാണ് മണൽ വാരാൻ അനുമതി നൽകിയത്. ഈ പെർമിറ്റുകൾ പ്രകാരം ഇപ്പോൾ മണൽ വാരുന്നില്ല. 15-09-1998-ലെ സർക്കാർ ഉത്തരവിനെ തുടർന്ന് മണൽ വാരൽ നിർത്തിവയ്ക്കുകയുണ്ടായി.

(ഇ) അല്ല. കായംകുളം തെർമൽ പവർ പ്ലാന്റിന്റെ സിവിൽ കോൺട്രാക്ടർമാരായിരുന്നു.

(എഫ്) മണൽ ഒരു വനോല്പന്നമാണെന്നും കേരള വന നിയമത്തിലെ വകുപ്പുകളനുസരിച്ച് വനോൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാണെന്നും ഉപദേശം ലഭിച്ചതനുസരിച്ച് ആണ് സർക്കാർ അംഗീകാരം നൽകിയത്.

(ജി) ഇല്ല. നിയമോപദേശം കണക്കിലെടുത്താണ് അനുമതി നൽകിയത്. അതിനാൽ പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥന്മാരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly